പ്രവർത്തനങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. വനിതകൾക്ക് സുരക്ഷിത യാത്ര ഉറപ്പാക്കുന്നതോടൊപ്പം സ്വയം തൊഴിൽ, സംരംഭകത്വം, സാമ്പത്തിക സുരക്ഷിതത്വം എന്നിവ ലക്ഷ്യമിട്ടുകൊണ്ട് ജെൻഡർ പാർക്കിന്റെ ആദ്യത്തെ ഓഫ് ക്യാമ്പസ് പദ്ധതിയായ ഷീ ടാക്സി ആരംഭിച്ചിട്ടുണ്ട്. നിലവിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി ഷീ ടാക്സികളുടെ സേവനം ലഭ്യമാണ്.

(സി) ട്രാവൻകൂർ കൊച്ചിൻ ലിറ്ററസി സൈന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് 1955 പ്രകാരം സംസ്ഥാന സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സൊസൈറ്റിയാണ് ജെൻഡർ പാർക്ക്. ജെൻഡർ പാർക്ക് പ്രവർത്തിക്കുന്നതിന് ഗവേണിംഗ് ബോഡി, എക്സിക്യൂട്ടീവ് കമ്മിറ്റി എന്നീ രണ്ട് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ജെൻഡർ പാർക്ക്

323(1702) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ജെൻഡർ പാർക്ക് പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര കോടി രൂപ അനുവദിച്ചിരുന്നുവെന്നും അതിൽ എത്ര തുക പിൻവലിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

ഉത്തരം

(എ) 2012-13 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച സംസ്ഥാനത്തെ ആദ്യത്തെ ജെൻഡർ പാർക്കിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കോഴിക്കോട് ജില്ലയിൽ വെള്ളിമാടുകുന്നിലാണ് ആദ്യത്തെ ജെന്റർ പാർക്ക് നിലവിൽ വരുന്നത്. ഈ മാസം അവസാനം ജെന്റർ പാർക്കിന്റെ ഒന്നാംഘട്ട ഉദ്ഘാടനം നടത്താനുദ്ദേശിക്കുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

ശിശുസൗഹൃദ അങ്കണവാടി കേന്ദ്രങ്ങൾ

324(1703) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമത്തിൽ ഉൾപ്പെടുത്തി ശിശുസൗഹൃദ അങ്കണവാടി കേന്ദ്രങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിൽ എത്ര ഗ്രാമപഞ്ചായത്തുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly